## പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.896 — 25.01.2018 ന് മറുപടിയ്ക്ക്.

### കറിഞ്ഞിമല വന്യജീവി സങ്കേതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.അനൂപ് ജേക്കബ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിലെ വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 62, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 58 എന്നിവ ഉൾപ്പെട്ട പ്രദേശങ്ങളിൽ കറിഞ്ഞിമല വന്യജീവി സങ്കേതത്തിനായി, ഉദ്ദേശ വിജ്ഞാപനത്തിൽ എത്ര ഹെക്ടർ ഭൂമിയാണ് (2006 ഒക്ടോബർ 6-ാം തീയതിലെ വിജ്ഞാപന പ്രകാരം) നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ)2006 ഒക്ടോബർ 6-ാം തീയതിയിലെ ഇന്റൻഷൻ വിജ്ഞാപന പ്രകാരം 3200 ഹെക്ടർ ഭൂമിയാണ് കറിഞ്ഞിമല വന്യജീവി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ളത്. |
| (ബി) കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഇല്ല. |
| (സി) അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ 1200 ഹെക്ടർ ഭൂമി കൈവശരേഖയുള്ളവർക്ക് വിട്ടുകൊടുക്കേണ്ടി വരും എന്നും കുറിഞ്ഞി ഉദ്യാനത്തിന്റെ വിസ്തൃതി കുറയുമെന്നും റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) കുറിഞ്ഞി ഉദ്യാനത്തിലെ 300 ഏക്കർ സ്ഥലത്തെ കുറിഞ്ഞി ചെടികൾ കത്തിനശിപ്പിച്ച നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; | (ഡി)മൂന്നാർ വന്യജീവി ഡിവിഷനിലെ ഷോല നാഷണൽ പാർക്കിൽപ്പെട്ട കുറിഞ്ഞിമല സാങ്ച്വറിയിൽ 2016-17 വർഷത്തിലെ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 8 വിവിധ സ്ഥലങ്ങളിലായി ഏകദേശം 180 ഹെക്ടർ സ്ഥലത്ത് കാട്ടുതീ പടർന്നിട്ടുള്ളതാണ്. കാട്ടുതീ ഉണ്ടായ പ്രദേശങ്ങൾ എല്ലാം തന്നെ യൂക്കാലിപ്റ്റസ്, വാറ്റിൽ പ്ലാന്റേഷനുകളിലെ അടിക്കാടുകളും ഉണങ്ങിയ ചില്ലകളും പുൽമേടുകളുമാണ്. |

| | |
|---|---|
| (ഇ) പ്രമുഖരുടെ കയ്യേറ്റ ഭൂമി ഉൾപ്പെട്ട കൊട്ടക്കമ്പൂർ വില്ലേജിലെ 58-ാം ബ്ലോക്കിലുള്ള കുറിഞ്ഞിച്ചെടികളാണോ ഇപ്രകാരം കത്തി നശിച്ചത്; ഇത് സംബന്ധിച്ച് വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ഇ) കുറിഞ്ഞിമല സങ്കേതത്തിന്റെ പടിഞ്ഞാറ് അതിർത്തിയിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്. ടി ഭാഗത്തെ അതിർത്തി നിർണ്ണയിച്ച് ലഭിച്ചിട്ടില്ലാത്തതിനാൽ ടി സ്ഥലം കയ്യേറ്റഭൂമിയാണോ അല്ലയോ എന്ന് പറയാവുന്നതല്ല. കാട്ടുതീയുടെ ഉറവിടം സ്വാഭാവികമായി ഉണ്ടായിട്ടുള്ളതായതിനാലും പാരിസ്ഥിതിക നഷ്ടമല്ലാതെ മറ്റ് നാശനഷ്ടങ്ങളൊന്നും കണക്കാക്കാത്തതിനാലും കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

Lakesh

സെക്ഷൻ ഓഫീസർ